നേരിടാൻ ചില പൊതുവേദികളിൽ ഒത്തു ചേരുകയും, സംയുക്തമായി കാംപയിൻ നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം മത തീവ്രവാദ സംഘടനകൾ ഇടതുപക്ഷ തീവ്രവാദ സംഘടനാ പ്രവർത്തകർക്ക് മറ്റ് ഏതെങ്കിലും വിധത്തിൽ സഹായം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല.

(ഡി) മത തീവ്രവാദ സംഘടനകളും മാവോയിസ്റ്റുകളും കേരളത്തെ ഒളിത്താവളമാക്കുന്നത് പോലുള്ള സംഭവങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ പോലീസ്, ഇന്റലിജൻസ് വിഭാഗങ്ങൾ നിരന്തരം നിരീക്ഷണം നടത്തിവരുന്നു.

സംസ്ഥാന സുരക്ഷാ കമ്മീഷൻ

6 (211) ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുതിയ പോലീസ് നിയമത്തിലെ വ്യവസ്ഥയനുസരിച്ചുള്ള സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപവത്ക്കരിക്കാനുള്ള എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് സേനയുടെ നിരീക്ഷണത്തിനായി രൂപവത്ക്കരിക്കുന്ന സംസ്ഥാന സുരക്ഷാ കമ്മീഷന്റെ ചെയർമാനായി ആരെ നിയമിക്കണമെന്ന് തീരുമാനിക്കുകയുണ്ടായോ ; ഇതിനായി എന്തു നടപടികൾ സ്വീകരിച്ചു ;

(സി) സുരക്ഷാ കമ്മീഷൻ എന്നുമുതൽ പ്രവർത്തനം നടത്തുമെന്നാണ് കരുതുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തീരദേശ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

7 (212) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ സംരക്ഷണത്തിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിലേക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) തീരദേശ സംരക്ഷണത്തിനായി ഇനി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിലേയ്ക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ വിശദമാക്കുമോ ;

(ജി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരദേശ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ എട്ടും രണ്ടാംഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം, നീണ്ടകര,ഫോർട്ട് കൊച്ചി, അഴീക്കോട്, ബേപ്പൂർ, ബേക്കൽ എന്നീ സ്റ്റേഷനുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രവർത്തനം ആരംഭിച്ച പോലീസ് സ്റ്റേഷനുകളിൽനിന്ന് ദിവസവും തീരദേശ സുരക്ഷാപട്രോളിംഗ് നടത്തി വരുന്നു. പട്രോളിംഗിനായി കേന്ദ്ര സർക്കാർ രണ്ടുഘട്ടങ്ങളിലായി 44 ബോട്ടുകൾ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 24 ബോട്ടുകൾ ലഭിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിലേക്ക് അവശ്യമായ തസ്തികകളിലേക്കും ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക തൊഴിലാളികളുടെ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി 74 കടലോര ജാഗ്രതാ സമിതികളും, 2 കായലോര ജാഗ്രതാ സമിതികളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പോലീസ്,നാവിക സേന,കോസ്റ്റ് ഗാർഡ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. തീരദേശ സുരക്ഷാ സംവിധാനങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല തീരദേശസുരക്ഷാ സമിതിയും ജില്ലാതലത്തിൽ ജില്ലാതല തീരദേശ സുരക്ഷാ സമിതിയും പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഉണ്ട്. കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനും ജീപ്പുകൾ, മോട്ടോർ സൈക്കിൾ എന്നിവയും മറ്റും വാങ്ങുന്നതിനുംവേണ്ടി 356 ലക്ഷം രൂപയും പട്രോളിംഗ് ബോട്ടിനുള്ള പെട്രോൾ, ഓയിൽ&ലൂബ്രിക്കന്റ് ചാർജ് ആയി 70 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്.

(ഡി-എഫ്) നീണ്ടകര ഒഴികെയുള്ള മറ്റ് ഏഴു കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ വിപുലീകരിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തീരദേശ സുരക്ഷാ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ പത്തു തീരദേശ പോലീസ് സ്റ്റേഷനുകളും ഇരുപത് ഹൈസ്പീഡ് ബോട്ടുകളും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ആറു തീരദേശ പോലീസ് സ്റ്റേഷനുകളും അതിന് ആനുപാതികമായി ഹൈസ്പീഡ് ബോട്ടുകളും കേരളത്തിന് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് 1093 എന്ന ടോൾ ഫ്രീ നമ്പർ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗുണ്ടാ ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി

8(213) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗുണ്ടാ ആക്റ്റ് കൂടുതൽ ഫലപ്രദമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ ആക്റ്റിലെ ഏതൊക്കെ വ്യവസ്ഥകളാണ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(സി) നിയമവാഴ്ചയും സമാധാന ജീവിതവും ഉറപ്പുവരുത്തുന്നതിന് പ്രസ്തുത ആക്റ്റിനെ സമൂലമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി ടി നിയമത്തിന്റെ പരിധിയിൽ വരുന്ന വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരുടെ പേരിൽ ടി നിയമത്തിലെ ഉചിതമായ വകുപ്പുകൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും.കൂടാതെ ബഹു.കേരള ഹൈക്കോടതിയുടെയും. അഡ്വൈസറി ബോർഡിന്റെയും അതാതുകാലത്തെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ തുടർന്ന് കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് എല്ലാ പോലീസ് കമ്മീഷണർമാരും ജില്ലാ പോലീസ് സൂപ്രണ്ടുമാരും ആഴ്ചതോറും അവലോകന യോഗങ്ങളും നടത്തി വരുന്നു.

(ബി&സി) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007-ലെ ചില വകുപ്പുകളിൽ ഭേദഗതി വരുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഗുണ്ടാനിയമപ്രകാരം കസ്റ്റഡിയിലെടുത്തവർ

9(214) ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണ്ടാനിയമം പ്രാബല്യത്തിൽ വന്നശേഷം ഇതുവരെ എത്ര പേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത നിയമപ്രകാരം കസ്റ്റഡിയിൽ വയ്ക്കേണ്ടവരിൽ ഇനിയും എത്രപേരെ പിടികിട്ടാനുണ്ട് ;

(സി) അറസ്റ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചമൂലം ഇത്തരത്തിൽ കസ്റ്റഡിയിൽ എടുത്തവരിൽ എത്ര പേർ ജയിൽ മോചിതരായിട്ടുണ്ട് ?